## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2837 12-10-2011 - ൽ മറുപടിയ്ക്ക്.

### ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ പ്രൊമോഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 95 റിട്ടയർമെന്റ് ഒഴിവുകളിലേയ്ക്ക് വിവിധ തസ്തികകളിൽ നിന്നും പ്രൊമോഷൻ നടത്തി ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു പറയാമോ; ഇല്ല എങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത ഒഴിവുകൾ നികത്താത്തത് എന്നു വ്യക്തമാക്കാമോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പ്രൊമോഷനുകൾ നടത്തുക വഴി വകുപ്പിൽ ഉണ്ടാകാവുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2, ഗ്രേഡ് 1 തസ്തികകൾ എത്രയാണെന്നു പറയാമോ; ഈ ഒഴിവുകളിലേക്ക് ഏപ്രിൽ 1 ന് ശേഷം എത്ര പേർക്ക് പ്രൊമോഷൻ നൽകി എന്നു വ്യക്തമാക്കാമോ; | (ബി) സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് -2 തസ്തികയിൽ പി.എസ്.സി. മുഖേന നികത്തേണ്ട 82 ഒഴിവുകളും, ഗ്രേഡ് 1 തസ്തികയിൽ പ്രൊമോഷൻ മുഖേന നികത്തേണ്ട 95 ഒഴിവുകളും ഉണ്ടാകും. ഇതിൽ പ്രൊമോഷൻ വഴി നികത്തേണ്ട തസ്തികകളിൽ 01-04-2011 -ന് ശേഷം 63 പേർക്ക് പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ട്. |

(സി) ഒരേ സ്വഭാവമുള്ള തസ്തികകളിലേക്ക് പ്രൊമോഷൻ നൽകുന്നത് സംബന്ധിച്ച് ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവ് (ജി.ഒ. (പി) 515/2007/ഫിൻ. തീയതി 19-10-2007) പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 ൽ നിന്നും ഗ്രേഡ് 1 ലേയ്ക്ക് പ്രൊമോഷൻ നൽകുമ്പോൾ ഒഴിവ് നിലവിൽ വന്ന 01-04-2011 മുതൽ മുൻകാല പ്രാബല്യം നൽകാൻ നടപടി എടുക്കുമോ?

(സി) സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 1 തസ്തികയിൽ 01-04-2011 -ൽ ഒരു റിട്ടയർമെന്റ് ഒഴിവ് മാത്രമേ നിലവിൽ വന്നിരുന്നുള്ളൂ. ഉയർന്ന തസ്തികകളിലേയ്ക്ക് പ്രൊമോഷൻ മുഖേന നിയമനം നൽകുന്ന മുറയ്ക്കു മാത്രമേ താഴെ തട്ടിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 1 തസ്തികയിൽ ഒഴിവുകൾ നിലവിൽ വരികയുള്ളൂ. 19-10-2007 - ലെ (പി) നം. 515/2007/ധന. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് അനുസരിച്ചാണ് പ്രൊമോഷൻ നൽകിവരുന്നത്.

സെക്ഷൻ ഓഫീസർ.